# കേരള സർവകലാശാല

## കേരളാ സർവകലാശാലയോട് അഫിലിയേറ്റ് ചെയ്ത KUCTE കളിലെ 2022-2023 അദ്ധ്യയന വർഷത്തിലെ മാനേജ്മെൻറ് ക്വാട്ട രജിസ്ട്രേഷൻ നടപടികൾക്കുള്ള നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

- പ്രോസ്പെക്ടസ് വിശദമായി വായിച്ചതിനു ശേഷം മാത്രം ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിക്കുക.
- ഓൺലൈൻ അപേക്ഷാ ഫോറത്തിലെ എല്ലാ വിവരങ്ങളും ശ്രദ്ധയോടെയും,കൃത്യതയോടെയും പൂരിപ്പിക്കുക.
- രജിസ്ട്രേഷൻ നടപടികളിലെ ആദ്യ സ്റ്റെപ്പ് അപേക്ഷാ നമ്പറും പാസ്സ്‌വേർഡും ജനറേറ്റ് ചെയ്യുക എന്നുള്ളതാണ്. ഇതിനായി https://admissions.keralauniversity.ac.in/ സൈറ്റിലെ B.Ed പേജ് എടുത്ത ശേഷം Management Quota എന്നുള്ള ലിങ്ക് ക്ലിക്ക് ചെയ്യുക. തുടർന്നു വരുന്ന KUCTE Management Quota എന്ന sublink ക്ലിക്ക് ചെയ്തു ശേഷം അപേക്ഷാർത്ഥിയുടെ പേര്, ജനന തീയതി, ലിംഗം, ഇ മെയിൽ ഐ.ഡി., എന്നീ വിവരങ്ങൾ (പേര്, ജനന തീയതി എന്നിവ എസ്.എസ്.എൽ.സി സർട്ടിഫിക്കേറ്റിലേത് പോലെ) നൽകി സബ്മിറ്റ് ചെയ്യുക. അപ്പോൾ അപേക്ഷാ നമ്പർ, പാസ്സ്‌വേർഡ് എന്നിവ ലഭിക്കും. ജനന തീയതി ആയിരിക്കും(dd/mm/yyyy ഫോർമാറ്റിൽ) ഡിഫോൾട്ട് പാസ്സ്‌വേർഡ് ആയി ലഭിക്കുന്നത്, ആയത് പ്രിൻറ് എടുത്ത് സൂക്ഷിക്കുക.
- അപേക്ഷാ നമ്പറും പാസ്സ്‌വേർഡും ജനറേറ്റ് ചെയ്തു കഴിഞ്ഞാൽ ഓൺലൈൻ അപേക്ഷാ ഫോറം പൂരിപ്പിക്കുന്നതിലേക്കായി പ്രൊഫൈലിൽ ലോഗിൻ ചെയ്യുക. ഏഴ് സ്റ്റെപ്പുകളായാണ് അപേക്ഷാ ഫോറം പൂരിപ്പിക്കേണ്ടത്.

### 1. വിദ്യാർഥിയുടെ പ്രൊഫൈൽ രജിസ്ട്രേഷൻ.

- കേരളീയൻ അല്ലാത്തവർ സംവരണ ആനുകൂല്യങ്ങൾക്ക് അർഹരല്ല. ആയതിനാൽ Are you Keralite എന്ന ഭാഗത്ത് "ആണ് "/ "അല്ല" (Yes/No) എന്ന വിവരം കൃത്യമായി നൽകുക. (പ്രോസ്പെക്ടസ് ഖണ്ഡിക 5 കാണുക)

- ഓൺലൈൻ അപേക്ഷയിൽ നൽകുന്ന മൊബൈൽ നമ്പർ പ്രവേശന നടപടികൾ പൂർത്തിയാകുന്നത് വരെ മാറ്റരുത്. പ്രവേശനത്തെ സംബന്ധിച്ച മെസ്സേജുകൾ ഈ നമ്പറിലേക്കാണ് അയക്കുന്നത്, കൂടാതെ പ്രൊഫൈലിൽ വേണ്ട മാറ്റങ്ങൾ വരുത്തുന്നതിലേക്കായും മൊബൈൽ നമ്പർ ആവശ്യമാണ്. ആയതിനാൽ ഇ.മെയിൽ ഐ.ഡി, മൊബൈൽ നമ്പർ എന്നിവ വിദ്യാർത്ഥിയുടെയോ രക്ഷകർത്താവിന്റെയോ മാത്രം നൽകുക.
- 2022 അധ്യയന വർഷം മുതൽ KUCTE കളിൽ മാനേജ്മെൻറ് ക്വാട്ടയിലെ സീറ്റുകൾക്കായി അപേക്ഷിക്കുന്ന വിദ്യാർത്ഥികൾ ഫീസായി **2000/- രൂപ** അടയ്ക്കേണ്ടതാണ്. അഡ്മിഷൻ കിട്ടുന്ന പക്ഷം ട്യൂഷൻ ഫീസ് ഇനത്തിൽ 50000/- രൂപയും അടയ്ക്കേണ്ടതാണ് (പ്രോസ്പെക്ടസ് ഖണ്ഡിക 12 കാണുക)

**2. അക്കാഡമിക് പ്രൊഫൈൽ രജിസ്ട്രേഷൻ.**

- ഡിഗ്രി/പി.ജി/തത്തുല്യം/ പാസ്സായ വർഷം, യൂണിവേഴ്സിറ്റി/ ബോർഡ്, സ്കീം, രജിസ്റ്റർ നമ്പർ, എത്രാമത് തവണയാണ് പാസായത് എന്നിവ കൃത്യതയോടെ നൽകേണ്ടതാണ്. ഒന്നിൽ കൂടുതൽ ചാൻസുകൾ ഉപയോഗിച്ച് ഡിഗ്രി/ യോഗ്യത പരീക്ഷ പാസായവർ Number of Appearances എന്ന കോളത്തിൽ കൃത്യമായ വിവരം (എത്രാമത് തവണയാണ് പാസായത് എന്ന്) നൽകണം. യോഗ്യതാ പരീക്ഷ പാസ്സാവാൻ എടുക്കുന്ന ഓരോ അധിക ചാൻസിനും ഇൻഡക്സ് മാർക്കിൽ നിന്ന് മാർക്ക് കുറവു ചെയ്യുന്നതാണ്. അതിനാൽ ഈ വിവരം ശ്രദ്ധയോടെയും കൃത്യമായും നൽകേണ്ടതാണ് (പ്രോസ്പെക്ടസ് ഖണ്ഡിക 9.(c) കാണുക).
- 2019-2022 അധ്യയന വർഷത്തിൽ കേരള യൂണിവേഴ്സിറ്റി ഡിഗ്രി പരീക്ഷ പാസ്സായവർ രജിസ്റ്റർ നമ്പറും വർഷവും നൽകുമ്പോൾ തന്നെ ഡിഗ്രി പരീക്ഷക്ക് ലഭിച്ച മാർക്കുകൾ തനിയെ രേഖപ്പെടുത്തും. മറ്റ് വിദ്യാർത്ഥികൾ തങ്ങൾക്ക് ലഭിച്ച യോഗ്യതയുടെ അക്കാഡമിക് വിവരങ്ങൾ അതാത് കോളങ്ങളിൽ ശ്രദ്ധാപൂർവം രേഖപ്പെടുത്തേണ്ടതാണ്.
- മറ്റ് യൂണിവേഴ്സിറ്റികളുടെ ഡിഗ്രി പരീക്ഷ പാസ്സായ വിദ്യാർഥികൾ പ്രവേശന സമയത്ത് കേരള സർവകലാശാലയിൽ നിന്നുള്ള തുല്യതാ സർട്ടിഫിക്കറ്റ് (എലിജിബിലിറ്റി സർട്ടിഫിക്കറ്റ്) കോളേജിൽ ഹാജരാക്കണം. ഇത് മുൻകൂട്ടി കരുതിവയ്ക്കേണ്ടതാണ്.

**3. ഓപ്ഷനുകൾ നൽകുക.**

- ഓപ്ഷനുകൾ നൽകുന്നത് ശ്രദ്ധാപൂർവം ചെയ്യുക. വിദ്യാർഥികൾക്ക് താല്പര്യമുള്ള KUCTE കളിലെ കോഴ്സുകൾ മുൻഗണനാ ക്രമത്തിൽ നൽകുക. ഓപ്ഷനുകൾ മുൻകൂട്ടി ധാരണയുണ്ടാക്കി ലിസ്റ്റ് ചെയ്തു വയ്ക്കുന്നത് നന്നായിരിക്കും (The preference numbers along with the selected options shows the priority of options. So the first option should be the highest priority and 20th option should be the least priority).

**4. രജിസ്ട്രേഷൻ ഫീ അടക്കുക**

- രജിസ്ട്രേഷൻ ഫീസ് **2000/- രൂപ** ഓൺലൈൻ ആയി മാത്രം അടക്കുക.. ഇതിനായി ഇന്റർനെറ്റ് ബാങ്കിങ്, ഡെബിറ്റ്/ക്രെഡിറ്റ് കാർഡുകൾ/ യു പി ഐ തുടങ്ങിയവ ഉപയോഗിക്കാം. **ഫീസ് അടക്കുമ്പോൾ ട്രാൻസാക്ഷൻ എറർ എന്തെങ്കിലും ഉണ്ടാവുകയോ അക്കൗണ്ടിൽ നിന്ന് തുക പോയിട്ടും വീണ്ടും ഫീസ് അടക്കാനുള്ള നിർദ്ദേശം ലഭിക്കുകയോ ചെയ്താൽ സർവകലാശാല അഡ്മിഷൻ വിഭാഗവുമായി ഫോൺ/ഇ.മെയിൽ മുഖാന്തരം ബന്ധപ്പെട്ട് മറുപടി ലഭിച്ച ശേഷം മാത്രം വീണ്ടും ഓൺലൈൻ പേയ്മെന്റിനു ശ്രമിക്കുക. മൾട്ടിപ്പിൾ പേയ്മെന്റ് നടന്നാൽ തുക റീഫണ്ട് ചെയ്യാൻ കാലതാമസം നേരിടുന്നതാണ്.**

**5. ഫോട്ടോ, ഒപ്പ് എന്നിവ അപ് ലോഡ് ചെയ്യുക.**

- ഫോട്ടോ, ഒപ്പ് എന്നിവ അപ് ലോഡ് ചെയ്യുമ്പോൾ നിശ്ചിത ഫോർമാറ്റിലും വലിപ്പത്തിലും ഉള്ളത് മാത്രം ചെയ്യാൻ ശ്രദ്ധിക്കുക. [Photo with 150px X 200px (WIDTH X HEIGHT), maximum 40kb, .jpg format only]. Signature with 150px X 60px (WIDTH X HEIGHT), maximum 40kb, .jpg format only

**6. ആപ്ലിക്കേഷൻ വെരിഫൈ ചെയ്യുക.**

- നൽകിയ വിവരങ്ങൾ എല്ലാം തന്നെ ശ്രദ്ധയോടു കൂടി വായിക്കുക. രജിസ്ട്രേഷൻ പൂർത്തിയാക്കുന്നതിന് മുൻപായി ആവശ്യമെങ്കിൽ വേണ്ട തിരുത്തലുകൾ വരുത്താവുന്നതാണ്.

**7. പ്രിന്റൗട്ട് എടുക്കുക.**

- രജിസ്ട്രേഷൻ പൂർത്തിയായാൽ അപേക്ഷയുടെ പ്രിന്റൗട്ട് എടുത്ത് സൂക്ഷിക്കേണ്ടതാണ്.

**8. പ്രൊഫൈൽ പാസ്സ്‌വേർഡ് മാറ്റുക.**

- രജിസ്ട്രേഷൻ പൂർത്തിയായ ശേഷം അടുത്ത ലോഗിൻ ചെയ്യുന്നതിന് മുന്നോടിയായി അപേക്ഷകർ നിർബന്ധമായും പ്രൊഫൈൽ പാസ്സ്‌വേർഡ് മാറ്റേണ്ടതാണ്. ടി പാസ്സ് വേർഡ് തുടർന്നുള്ള പ്രൊഫൈൽ സന്ദർശനങ്ങൾക്ക് അനിവാര്യമായതിനാൽ ആയതിന്റെ രഹസ്യ സ്വഭാവം നിലനിർത്താൻ ജാഗ്രത പുലർത്തുക.

- രജിസ്ട്രേഷൻ കാലയളവ് പൂർത്തിയാവുന്നതിനുള്ളിൽ അപേക്ഷാർത്ഥിയുടെ അറിവോ സമ്മതമോ കൂടാതെ മറ്റാരെങ്കിലും പ്രൊഫൈലിലെ വിവരങ്ങളിൽ മാറ്റം വരുത്താതിരിക്കാൻ രജിസ്ട്രേഷൻ പൂർത്തിയാക്കിയാൽ ഉടൻ തന്നെ പ്രൊഫൈൽ ലോഗിൻ ചെയ്ത് പാസ്സ്‌വേർഡ് മാറ്റം വരുത്താൻ ശ്രദ്ധിക്കുക. (പ്രോസ്പെക്ടസ് ഖണ്ഡിക 10.3 കാണുക).
- അഡ്മിഷൻ നടപടികൾ പൂർത്തിയാകുന്നത് വരെ അപേക്ഷാ നമ്പറും പാസ്സ്‌വേർഡും ആവശ്യമായതിനാൽ ഇവ ഓർത്തിരിക്കേണ്ടതാണ്. അലോട്ട്മെന്റ് പരിശോധിക്കാനും തുടർ നടപടികൾക്കും ഇത് ആവശ്യമാണ്.
- തിരുത്തലുകൾ എന്തെങ്കിലും ഉണ്ടെങ്കിൽ അപേക്ഷ സമർപ്പിച്ച് കഴിഞ്ഞ് നിശ്ചിത സമയത്തിനകം പ്രൊഫൈലിലെ **"Completed Profile"** ലിങ്ക് ക്ലിക്ക് ചെയ്ത് നൽകിയ വിവരങ്ങളിൽ മാറ്റം വരുത്താവുന്നതാണ്. രജിസ്ട്രേഷൻ അവസാനിക്കുന്നതിനു മുൻപായി **പ്രൊഫൈലിൽ എന്ത് മാറ്റം വരുത്തിയാലും അപേക്ഷയുടെ ഏറ്റവും പുതിയ പ്രിന്റൗട്ട് എടുത്ത് സൂക്ഷിക്കേണ്ടതാണ്.**
- **ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ട് സർവ്വകലാശാലയിലേക്ക് അയക്കേണ്ടതില്ല. ആയത് പ്രവേശന സമയത്ത് കോളേജിൽ ഹാജരാക്കേണ്ടതാണ്.**
- വിദ്യാഭ്യാസ യോഗ്യത, സംവരണം, ഗ്രേസ് മാർക്കുകൾ മുതലായവയ്ക്ക് ആവശ്യമായ സർട്ടിഫിക്കറ്റുകൾ അപേക്ഷിക്കുന്ന സമയം തന്നെ കയ്യിൽ കരുതേണ്ടതാണ് (ഹാജരാക്കേണ്ട സർട്ടിഫിക്കറ്റുകളുടെ വിശദ വിവരം പ്രോസ്പെക്ടസിൽ പേജ് നം: 18-ൽ നൽകിയിട്ടുണ്ട്). **പ്രവേശനം ലഭിച്ചാൽ സർട്ടിഫിക്കറ്റുകൾ ഹാജരാക്കാൻ കൂടുതൽ സമയം യാതൊരു കാരണവശാലും അനുവദിക്കുന്നതല്ല.**
- ഓൺലൈൻ അഡ്മിഷനുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾക്ക് **9188524612 (Watsapp/Call)**, എന്ന നമ്പറിലോ bedadmission@keralauniversity.ac.in എന്ന ഇ.മെയിൽ ഐഡിയിലോ ബന്ധപ്പെടുക.

**വിശദ വിവരങ്ങൾക്ക് അഡ്മിഷൻ വെബ്സൈറ്റിൽ (https://admissions.keralauniversity.ac.in/) നൽകിയിട്ടുള്ള പ്രോസ്പെക്ടസ് പരിശോധിക്കുക**